
## വായ്ത്തലപോകുന്ന സമരായുധങ്ങൾ




കാർട്ടൂൺ: വി.എസ്. ഗിരീശൻ

**നിലവിലുള്ള വ്യവസ്ഥ തൃപ്തികരമാണെന്നും ഏതാനും ചില പിഴച്ച അഴിമതിക്കാർ മാത്രമാണ് പ്രശ്നം സൃഷ്ടിക്കുന്നതെന്നുമുള്ള ഒരു ധാരണയാണ് ഈ സമരങ്ങൾ ഉളവാക്കുന്നത്; അതിലൂടെ വ്യവസ്ഥ രക്ഷപ്പെടുകയും ചില വ്യക്തികളോ സ്ഥാപനങ്ങളോ മാത്രമാണ് കുറ്റവാളികൾ എന്ന തെറ്റായ ബോധം ദൃഢീകരിക്കപ്പെടുകയും ചെയ്യുമെന്ന് കെ. രാമചന്ദ്രൻ**

# സത്യാഗ്രഹസമരങ്ങളുടെ പരിമിതി

**1.** ഇന്ന് ഉപവാസം ഫലപ്രദമായ ഒരു രാഷ്ട്രീയസമരായുധമാണോ എന്ന കാര്യത്തിൽ സംശയമുണ്ട്. ഭരണകൂടം വളരെയധികം കർക്കശവും കാരുണ്യഹീനവുമായ രീതിയിൽ 'നവലിബറൽ' വികസനനയവുമായി ധൃതിപിടിച്ചോടുമ്പോൾ അതിന് മുന്നിൽ വരാവുന്ന എല്ലാ 'അലോസര'ങ്ങളെയും നിർദയമായി തട്ടിമാറ്റി മുന്നോട്ട് പോകുന്ന കാഴ്ചയാണ് നിത്യവും നാം കണ്ടുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഉപവാസം ഒരു സമരായുധമെന്ന രീതിയിൽ ദുർബലമായിത്തീരുന്നു. ഭരണകൂടഹിംസയ്ക്കെതിരെ അത് ഫലപ്രദമല്ലാതായിത്തീരുന്നു.

**2.** സത്യഗ്രഹസമരങ്ങൾക്ക് അർത്ഥശോഷണം സംഭവിക്കുന്നില്ലേ? അരുന്ധതിറോയ് പറഞ്ഞത് ഇവിടെ പ്രസക്തമാണ്: "സത്യാഗ്രഹത്തിന് ഒരുക്കിനിർത്തിയ കാഴ്ചക്കാർ വേണം. പട്ടിണി കിടക്കുന്ന ആദിവാസിയുടെ പ്രശ്നങ്ങൾക്ക് നിരാഹാരം ഒരു സമരമാർഗമാവുന്നതെങ്ങിനെ?" ആർക്കും എടുത്തുപയോഗിക്കാവുന്ന, ബ്ലാക്ക്മെയ്ലിങ്ങിനുപോലും പ്രയോജനപ്പെടുത്താവുന്ന ഒരു ഉപകരണമായി മിക്കപ്പോഴും ഈ സമരമാർഗം ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്.

**3.** മേധാപട്കർ നടത്തിയ നിരാഹാരവും രാംലീലാമൈതാനിയിലെ നിരാഹാരവും തമ്മിൽ ലക്ഷ്യങ്ങളിൽ വ്യത്യാസമുണ്ട്. സമരത്തിനാസ്പദമായി മേധ ഉന്നയിക്കുന്നത് കൃത്യവും വ്യക്തവുമായ പ്രശ്നമാണ്: ചേരിനിവാസികളെ കുടിയൊഴിപ്പിക്കുന്ന അടിയന്തിരപ്രാധാന്യമുള്ള ഒരു പ്രശ്നമാണത്. കെട്ടിടലോബികളും മഹാരാഷ്ട്രാഗവണ്മെന്റും ചേർന്നുള്ള ഒത്തുകളിയാണ് പ്രശ്നം സൃഷ്ടിക്കുന്നത്. അഴിമതി എന്നത് കുറേക്കൂടി വിശാലമായ മാനങ്ങളുള്ള പ്രശ്നമാണ്.

**4.** പൊതുസമൂഹത്തിന്റെയും മാധ്യമങ്ങളുടെയും പിന്തുണ മേധയ്ക്ക് കിട്ടാതെ പോയത് പ്രശ്നം യഥാർത്ഥവും അതിന് കാരണക്കാർ പ്രബലരുമായതുകൊണ്ടാണ്. ആദിവാസികൾ, ദലിതുകൾ, ദരിദ്രർ എന്നിവരുടെ പ്രശ്നങ്ങൾക്ക് പിന്തുണ നൽകാൻ മുഖ്യധാര തയ്യാറല്ല. സമൂഹത്തിൽ ഏറ്റവും താഴേത്തട്ടിലുള്ള ചേരിനിവാസികളുടെ പ്രശ്നം മുഖ്യധാരാമാധ്യമങ്ങളെ എങ്ങനെ ബാധിക്കാനാണ്? മുഖ്യാധാരാരാഷ്ട്രീയവും മാധ്യമങ്ങളും എപ്പോഴും ചുറ്റിക്കറങ്ങുന്നത് മധ്യവർഗത്തിന്റെയോ ഉപരിവർഗത്തിന്റെയോ ഭ്രമണപഥങ്ങളിൽ മാത്രമാണ്. അവരുടെ അജണ്ടകൾക്ക് 'ജനസമ്മതിയുണ്ടാക്കിയെടുക്കുക' (ചോംസ്കിയുടെ പരികല്പന കടമെടുത്താൽ) എന്ന ദൗത്യമാണ് മിക്കപ്പോഴും ഈ മുഖ്യാധാര ഏറ്റെടുക്കുന്നത്. മേധയ്ക്ക് മാത്രമല്ല, കരിനിയമത്തിനെതിരെ എത്രയോ വർഷങ്ങളായി നിരാഹാരസമരമനുഷ്ഠിക്കുന്ന ഇറോം ശർമിളയ്ക്ക് അർഹിക്കുന്ന പരിഗണന കിട്ടുന്നില്ല. രാംദേവിന്റെ സമരത്തിന് കോടികൾ സംഭാവന അയച്ചുകൊടുത്തവർ മേധാപട്കറുടെ സമരത്തിന് ഇതേ സഹായം ചെയ്യാത്തതെന്ത്? ഈ വ്യത്യാസം 'സിവിൽ സമൂഹം' എന്ന്

ചോദ്യത്തിൽ വിവരിച്ച കൂട്ടത്തിന്റെ പരിമിതിയും ദൗർബല്യവുമാണ് സാക്ഷ്യപ്പെടുത്തുന്നത്.

**5.** ഏറ്റവും താഴെത്തട്ടിലുള്ള മനുഷ്യരുടെ, നിസ്വരും പാർശ്വവൽകൃതരമായ ആളുകളുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന സമീപനത്തിനാണ് ജനകീയപ്രശ്നങ്ങളെ ഗൗരവമായെടുക്കുന്ന നമ്മെപ്പോലുള്ള പ്രവർത്തകർ പിന്തുണ നൽകേണ്ടത്. നാം അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ ഒരു വേള അത് വർഗപരമായ പരിമിതികൾ നമുക്ക് മറികടക്കാൻകഴിയാത്തതുകൊണ്ടാവാം.

**6.** 'നിലവിലുള്ള ജനാധിപത്യതത്വ'ങ്ങളുമായി സമരം പൊരുത്തപ്പെടുന്നുണ്ടോ എന്നത് ഒരു സങ്കീർണമായ വിഷയമാണ്. ജനാധിപത്യം എന്നത് ഫലത്തിൽ 'ജനങ്ങളുടെതായ ജനങ്ങളാലുള്ള ജനങ്ങൾക്കെതിരായ ഭരണം' എന്ന ബർണാഡ് ഷായുടെ നിർവചനം അന്വർത്ഥമാക്കിയിരിക്കുന്നു. കോർപറേറ്റുകൾക്കും ആഗോളസാമ്പത്തിക സ്ഥാപനങ്ങൾക്കും മുതലാളിത്ത വിപണിക്കും വേണ്ടി ഭരണകൂടം അതിന്റെ ജനക്ഷേമകരവും ജനാനുകൂലവുമായ എല്ലാ നാട്യങ്ങളും കൈവെടിഞ്ഞുകൊണ്ട്, സാമ്പത്തികവികസനം എന്ന ഒറ്റ മൂലമന്ത്രം ജപിച്ചുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ഇത്തരം ജനാധിപത്യത്തിൽ നമുക്കും എന്തൊക്കെയോ സൗഭാഗ്യങ്ങൾ ലഭിക്കാനുണ്ട് എന്ന വ്യാമോഹം കൈവെടിയാൻ ജനസാമാന്യം തയ്യാറായിട്ടുമില്ല. ഒരു വലിയ ജനവിഭാഗം ഇവിടെ ജീവിച്ചിരിക്കേണ്ട ആവശ്യമേയില്ല എന്ന മട്ടിൽ (ഉദാഹരണത്തിന് ഖനനമേഖലകളിലെ ആദിവാസികൾ) ഭരണകൂടം അവർക്കെതിരെ വംശഹത്യാപരമായ ഹിംസ അവലംബിക്കുകയാണ്. ഇതിനെ നിരായുധരും നിസ്സഹായരും ദരിദ്രരുമായ ഇരകൾ എങ്ങിനെ നേരിടുവാനാണ്? അവർക്ക് പൊതുസമൂഹത്തിന്റെ ശക്തമായ പിന്തുണ ആവശ്യമുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ 'പൊതുസമൂഹം' എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് കേവലം അണ്ണാ ഹസാരെയും രാംദേവും പ്രതിനിധാനം ചെയ്യുന്ന ഒരു പ്രത്യേകവിഭാഗം വരേണ്യമധ്യവർഗത്തെയാകുമ്പോൾ അത് വളരെ സങ്കുചിതമായ ഒരു പരികല്പനയായിത്തീരുന്നു.

അഴിമതി എന്ന പ്രശ്നം ഒരു യഥാർത്ഥ പ്രശ്നമാണ്. പക്ഷെ അത് ഏതാനും വ്യക്തികളുടെ എന്തോ ഒരു അപഭ്രംശം മാത്രമായി കാണുന്നതിൽ അർത്ഥമില്ല. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ പ്രത്യേകിച്ചും നിയോലിബറൽ സാമ്പത്തികവികസനത്തിന്റെ കൂടപ്പിറപ്പുതന്നെയാണ് അഴിമതി. എന്തുചെയ്തും പണമുണ്ടാക്കുകയും, 'സാമ്പത്തികമുന്നേറ്റ'മുണ്ടാക്കുകയുമാണ് മനുഷ്യന് ഏറ്റവും അഭികാമ്യമായത് എന്ന ദർശനമാണ് ആ സാമ്പത്തികവ്യവസ്ഥ മുന്നോട്ടുവെക്കുന്നത്. ഇത് അംഗീകരിക്കുന്നെങ്കിൽ അഴിമതിയെ നേരിടാനുള്ള നിങ്ങളുടെ ആയുധത്തിന്റെ മുനയൊടിയുന്നു. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരുമെല്ലാം അഴിമതിക്കാരായി മാറുന്നത്, 'ധാർമികമോ' 'സദാചാരപരമോ' ആയ പരിഗണനകൾ അവരെ അലട്ടാത്തത്, വ്യവസ്ഥ അത്തരമൊരു സമീപനം അവരിൽ സൃഷ്ടിച്ചെടുത്തതുകൊണ്ടുതന്നെയാണ്. അപ്പോൾ അഴിമതിക്കെതിരെ സമരം ചെയ്യുന്നത്, അടിമുടി അഴിമതി നിറഞ്ഞ വ്യവസ്ഥയ്ക്കെതിരായ, സമഗ്രമായ സമരത്തിന്റെ ഭാഗമായിരിക്കണം. സമരത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് അത്തരത്തിൽ വികസിക്കുന്നില്ലെങ്കിൽ അത് പ്രതികൂലഫലമാണ് സൃഷ്ടിക്കുക. കാരണം നിലവിലുള്ള വ്യവസ്ഥ തൃപ്തികരമാണെന്നും ഏതാനും ചില പിഴച്ച അഴിമതിക്കാർ മാത്രമാണ് പ്രശ്നം സൃഷ്ടിക്കുന്നതെന്നുമുള്ള ഒരു ധാരണയാണ് ഈ സമരം ഉളവാക്കുന്നത്; അതിലൂടെ വ്യവസ്ഥ രക്ഷപ്പെടുകയും ചില വ്യക്തികളോ സ്ഥാപനങ്ങളോ മാത്രമാണ് കുറ്റവാളികൾ എന്ന തെറ്റായ ബോധം ദൃഢീകരിക്കപ്പെടുകയും ചെയ്യും. ഇത് വീണ്ടും സിവിൽ സമൂഹത്തിന്റെ അമ്പരപ്പുകളും, എന്താണിനി വേണ്ടതെന്നറിയാതെയുള്ള ഇരുട്ടിൽ തപ്പലും വർദ്ധിപ്പിക്കും. കുരുടന്മാർ ആനയെക്കണ്ടതുപോലെ 'ചൂലാ'ണ് ആന എന്ന അബദ്ധധാരണയിലൂടെ യഥാർത്ഥ സാമൂഹികമാറ്റങ്ങൾക്കുവേണ്ടി പ്രവർത്തിക്കാ



**പ്രതിഷേധങ്ങളെ പാരഡികളോ പ്രതിഷേധാഭാസങ്ങളോ ആക്കി മാറ്റാനും ജനാധിപത്യത്തിൽ ചിലർക്ക് സൗകര്യമുണ്ട്. മേധയുടെ സമരം 'ശ്രദ്ധിക്കപ്പെടാതെ' പോയതും മറ്റു രണ്ടുപേരുടെ സമരം വളരെ 'ശ്രദ്ധിക്കപ്പെട്ടതും' ആസൂത്രിതമായ ചില ഭരണകൂടനീക്കങ്ങളുടെ ഭാഗമായിട്ടുതന്നെയാകണം.**

നുള്ള പ്രേരണയുണ്ടാവില്ല. ഹസാരെ, രാംദേവ് പ്രഭൃതികളുടെ സമരത്തിന് വ്യാപകമായ പിന്തുണ ലഭിക്കുന്നത് അവർ ചൂണ്ടിക്കാണിക്കുന്ന അഴിമതി എന്ന പ്രശ്നം യഥാർത്ഥത്തിൽ നിലനിൽക്കുന്ന ഒന്നാണ് എന്നതുകൊണ്ടുതന്നെ. ഏതെങ്കിലും വിധത്തിൽ അനീതിക്കെതിരായ സാമാന്യമായ അമർഷം രേഖപ്പെടുത്താനുള്ള ഒരവസരമായി പലരും അത് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ, അഴിമതിയുടെ അടിവേരുകൾ എവിടെയെന്നോ അതിനെ പിഴുതെറിയേണ്ടതെങ്ങിനെയെന്നോ ഈ സമരക്കാർ അന്വേഷിക്കുന്നതായി തോന്നുന്നില്ല.

തന്നെയുമല്ല, ഹസാരെയ്ക്കും രാംദേവിനും അവരുടേതായ ഒളിഞ്ഞ അജണ്ടകൾ ഈ സമരത്തിന് പിന്നിൽ ഉണ്ടായിരിക്കാനുള്ള സാധ്യതകൾ തള്ളിക്കളയാനാകില്ല. അല്ലെങ്കിൽ, എ

ന്തിനാണ് മന്ത്രിമാരും 'സമുന്നത'വ്യക്തികളുമൊക്കെ ഇവരെക്കാണാനും അവരോട് അപേക്ഷ നടത്തി സമരം മാറ്റാനുമൊക്കെ ശ്രമിക്കുന്നത്? ഭരണാധികാരികൾ യഥാർത്ഥത്തിൽ ഈ സമരത്തെ ഭയപ്പെടുന്നുണ്ടോ? – ഇത്തരം ചോദ്യങ്ങളുയരാം. എതിർപ്പുകളെപ്പോലും, അടിസ്ഥാനമായ നിലനിൽപ്പിന് ഭംഗം വരാതെ ആഗിരണം ചെയ്യാനും എതിർപ്പുകളെക്കൂടി അനീതി നിറഞ്ഞ ഒരു വ്യവസ്ഥയുടെ തുടർച്ചയ്ക്കുള്ള ഉപാധിയാക്കി മാറ്റാനുമുള്ള കഴിവ് കൈവരിച്ചുകഴിഞ്ഞ ഒരു വ്യവസ്ഥിതിയാണ് നമ്മുടേത് എന്ന് തിരിച്ചറിയണം.

**അണ്ണാഹസാരെയും രാംദേവുമൊക്കെ പ്രതിനിധീകരിക്കുന്ന ഒരു പൊതുസമൂഹമാണോ നാം വിഭാവനം ചെയ്യുന്നത്? പരിഷ്കൃതലോകം വധശിക്ഷ എന്ന പൈശാചികത നിർത്തലാക്കുമ്പോൾ അഴിമതിക്കാരെ തൂക്കിലേറ്റണം എന്ന് വാദിക്കുന്ന ഇത്തരക്കാർക്ക് മനുഷ്യാവകാശങ്ങളോട് തെല്ലും ബഹുമാനമില്ല. അഴിമതിക്കാരായ ജൂതന്മാരെ വിചാരണയില്ലാതെ തൂക്കിലേറ്റുന്നതിന് ആൾക്കൂട്ടത്തിന്റെ സമ്മതം തേടുന്ന നാസികളെയാണ് ഇവർ ഓർമിപ്പിക്കുന്നത്.**

ഇപ്പോൾ രാംലീല മൈതാനത്ത് നടന്ന 'സമര'ങ്ങളുടെ ശക്തിയും ദൗർബല്യവുമെന്ത്, അവ നടത്തിയവരുടെ സ്വകാര്യഅജണ്ടകളെന്ത് എന്നതൊക്കെ, വൈകിയോ വൈകാതെയോ നമുക്ക് ബോധ്യപ്പെട്ടുകൊള്ളും, പ്രതിഷേധിക്കാനുള്ള അവകാശം ജനാധിപത്യത്തിൽ മൗലികമാണ്. എന്നാൽ പ്രതിഷേധങ്ങളെ പാരഡികളോ പ്രതിഷേധാഭാസങ്ങളോ ആക്കി മാറ്റാനും ജനാധിപത്യത്തിൽ ചിലർക്ക് സൗകര്യമുണ്ട്. മേധയുടെ സമരം 'ശ്രദ്ധിക്കപ്പെടാതെ' പോയതും മറ്റു രണ്ടുപേരുടെ സമരം വളരെ 'ശ്രദ്ധിക്കപ്പെട്ടതും' ആസൂത്രിതമായ ചില ഭരണകൂടനീക്കങ്ങളുടെ ഭാഗമായിട്ടു തന്നെയാകണം.

**7.** ലോക്പാൽ ബിൽ അവതരിപ്പിച്ചിരിക്കുന്നത് അഴിമതിയെ നേരിടാനാണ് എന്നുള്ളതുതന്നെ ഒരു മിഥ്യാധാരണയാണ്. കാരണം അഴിമതിയെ (പരിമിതമായ തോതിൽ) നേരിടലാണ് ലക്ഷ്യമെങ്കിൽ അതിന് നിലവിലുള്ള നിയമങ്ങളിൽ തന്നെ വ്യവസ്ഥയുണ്ട്; പുതിയ ബിൽ വേണ്ട. കനിമൊഴിയും മറ്റും തടവിലായത് ഇതേ നിയമങ്ങളുടെ ബലത്തിലാണല്ലോ? പൊതുസമൂഹത്തിലെ പ്രതിനിധികളെ ഉൾപ്പെടുത്തിയാലും ഇല്ലെങ്കിലും, (അണ്ണാഹസാരെയും രാംദേവുമൊക്കെ പൊതുസമൂഹത്തിന്റെ പ്രതിനിധികളാണോ? ഇവരൊക്കെ പ്രതിനിധീകരിക്കുന്ന ഒരു പൊതുസമൂഹമാണോ നാം വിഭാവനം ചെയ്യുന്നത്? എനിക്കിതിൽ കാര്യമായ സന്ദേഹമുണ്ട്. പരിഷ്കൃതലോകം വധശിക്ഷ എന്ന പൈശാചികത നിർത്തലാക്കുമ്പോൾ അഴിമതിക്കാരെ തൂക്കിലേറ്റണം എന്ന് വാദിക്കുന്ന ഇത്തരക്കാർക്ക് മനുഷ്യാവകാശങ്ങളോട് തെല്ലും ബഹുമാനമില്ല. അഴിമതിക്കാരായ ജൂതന്മാരെ വിചാരണയില്ലാതെ തൂക്കിലേറ്റുന്നതിന് ആൾക്കൂട്ടത്തിന്റെ സമ്മതം തേടുന്ന നാസികളെയാണ് ഇവർ ഓർമിപ്പിക്കുന്നത്. ജൻ ലോക്പാൽ ബില്ലിന്റെ ഡ്രാഫ്റ്റിങ് കമ്മിറ്റിയിൽ പ്രശസ്ത മനുഷ്യാവകാശപ്രവർത്തകരോ, ഒറ്റ സ്ത്രീ പ്രതിനിധി പോലുമോ ഉൾപ്പെടുന്നില്ല എന്നത് ശ്രദ്ധേയമാണ്.) നിയമത്തിന് ചില ദൗത്യങ്ങളുണ്ട്. ജനാധിപത്യത്തിൽ പൗരന്റെ അവകാശങ്ങൾ സംരക്ഷിക്കുക, അവരുടെ കടമകളും ചുമതലകളും നിറവേറ്റുവാനുള്ള സാഹചര്യം ഒരുക്കുക ഇതെല്ലാമാണ് നിയമം ചെയ്യേണ്ടത്. എന്നാൽ നിയമങ്ങളുണ്ട് എന്ന കാരണം കൊണ്ടുമാത്രം അത് പാലിക്കപ്പെടണമെന്നില്ല; എല്ലാവരുടെയും കാര്യത്തിൽ അത് ഒരേ പോലെ ബാധകമാക്കുകയുമില്ല. ഭരണകർത്താക്കളുടെ ഇഷ്ടത്തിനനുസരിച്ചാണ് മിക്കപ്പോഴും നിയമം ഉപയോഗിക്കപ്പെടുന്നത്. വൻതോതിലുള്ള അഴിമതി ഭരണകൂടത്തിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ പിന്തുണയില്ലാതെ നടക്കില്ല. എന്തു ബില്ലുണ്ടായാലും, നിയമമുണ്ടായാലും നീതിബോധം കമ്മിയായ, താന്തോന്നിത്തം നിറഞ്ഞ ഒരു ഭരണകൂടം അത് അനുസരിക്കുകയില്ല. സ്വന്തം അവകാശനിഷേധമായാണ് പൗരന് അത് അനുഭവപ്പെടുക. അതിനെതിരെ പ്രതിഷേധം സ്വാഭാവികവുമാണ്.

**8.** അഴിമതി പോലുള്ള പ്രശ്നങ്ങൾ നിയമങ്ങൾ കൊണ്ടോ വൈദഗ്ദ്ധ്യമുള്ളവരുടെ ഇടപെടൽ കൊണ്ടോ മാത്രം തടയാൻ കഴിയില്ല. സംഘടിതമായ ജനകീയമുന്നേറ്റങ്ങളും സമരങ്ങളും അവയുയർത്തുന്ന ബോധനവീകരണവും മൂലമേ സമൂഹത്തിന് അഴിമതിക്കെതിരായ നിലപാട് സ്വാംശീകരിക്കാൻ കഴിയൂ. അഴിമതിയിൽ നിന്ന് നേട്ടം കൊയ്യുന്നവർ, അതിനെ ഊട്ടിവളർത്തുന്ന വ്യവസ്ഥയെ സംരക്ഷിച്ച് നിർത്താൻ മാത്രമേ സഹായിക്കുകയുള്ളൂ.

**9.** ഓരോ വ്യക്തിയും അഴിമതിയ്ക്കെതിരെ ചിന്തിക്കുകയും നിലപാടെടുക്കുകയും ചെയ്യുക എന്നത് പ്രധാനം തന്നെയാണ്. എന്നാൽ അതുകൊണ്ടുമാത്രം ഭരണകൂടം മുകളിൽ നിന്ന് താഴോട്ട് അടിച്ചേൽപ്പിക്കുന്ന അഴിമതികൾക്ക് തടയിടാൻ കഴിയില്ല. അഴിമതിയുടെ പ്രത്യയശാസ്ത്രത്തെ അടിമുടി എതിർക്കുന്ന ഉദ്ബുദ്ധമായ ജനാധിപത്യബോധമുള്ള ഒരു ജനതയുടെ സമ്മർദ്ദം മൂലം, സാധാരണ പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നിർബന്ധിതമായ ഒരു ഭരണകൂടം പ്രതിജ്ഞാബദ്ധമാവണം. ഭരണകൂടത്തിന്റെ പങ്ക് ഇതിൽ ചെറുതല്ല; വെറും വ്യക്തികളുടെ തലത്തിൽ കാര്യങ്ങൾ നടക്കില്ല. ബോംബെയിലെ കെട്ടിടനിർമാണലോബിയും ഭരണകർത്താക്കളും തമ്മിലുള്ള പരസ്പരബന്ധം തുറന്നുകാട്ടിയ 'മിഡ് ഡെ'യുടെ സ്പെഷൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടർ ബോംബെയിൽ കൊലചെയ്യപ്പെട്ടു; ഇത്തരം മറ്റനേകം പത്രപ്രവർത്തകർ കൊല ചെയ്യപ്പെട്ടു. കൊല ചെയ്തത് അധോലോകം ആണെന്ന് പറയുന്നു. പക്ഷെ ആരാണ് ഈ അധോലോകത്തെ നിലനിർത്തുന്നത്? നമ്മുടെ ഭരണകർത്താക്കൾ ഇരിക്കുന്ന കൊമ്പ് മുറിക്കുമോ? നിരാഹാരസമരങ്ങൾ കൊണ്ടോ വ്യക്തിതലത്തിലൊതുങ്ങുന്ന പരിവർത്തനോന്മുഖത കൊണ്ടോ ഈ ദൂഷിതവലയത്തെ ഭേദിക്കാമോ? വ്യവസ്ഥയ്ക്ക് മൊത്തത്തിൽ ബാധിച്ച രോഗത്തിന് സമഗ്രചികിത്സയാണാവശ്യം; രോഗം ബാധിച്ച അവയവം മാത്രം തിരഞ്ഞുപിടിച്ച് മുറിച്ചുമാറ്റലല്ല. എങ്കിൽപ്പോലും രോഗം ബാധിച്ചത് എവിടെയൊക്കെയെന്ന് നിരന്തരം ചൂണ്ടിക്കാട്ടാൻ ജാഗ്രതയുള്ള ജനാധിപത്യവിശ്വാസികൾക്ക് ചുമതലയുണ്ട്.

*(സാമൂഹിക പ്രവർത്തകൻ)*